**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1034** | **07-12-2022 - ൽ മറുപടിയ്ക്ക്**

**കൃഷി നാശം വരുത്തുന്ന കാട്ടു പന്നികളെ വെടിവെച്ച് കൊല്ലുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വടകര താലൂക്കിൽ കൃഷി നാശം വരുത്തുന്ന കാട്ടു പന്നികളെ വെടി വെച്ച് കൊല്ലുന്നതിന് തോക്ക് ലഭിക്കാൻ നൽകുന്ന അപേക്ഷകൾ വളരെക്കാലമായി തീർപ്പ് കല്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ; | (എ) | തോക്ക് ലൈസൻസിനുള്ള അപേക്ഷകൾ അതാത് ജില്ലാ കളക്ടർമാർക്കാണ് അപേക്ഷകർ സമർപ്പിക്കുന്നത്. ആയതിൽ വനം വകുപ്പിൽ നിന്നും അന്വേഷണം നടത്തി റിപ്പോർട്ട് അതാത് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കുകയാണ് ചെയ്യുന്നത്. അപ്രകാരം 2022 വർഷത്തിൽ ലഭിച്ച, വടകര താലൂക്കിൽപ്പെട്ട 20 അപേക്ഷകളിൽ 19 എണ്ണത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഒപ്പം ഒരെണ്ണത്തിലുള്ള നടപടി പൂർത്തിയായി വരുന്നു. |
| (ബി) | കർഷകർക്ക് തോക്ക് ഉപയോഗിക്കുന്നതിന് പരിശീലനം നേടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും താലൂക്ക് കേന്ദ്രീകരിച്ച് ഇത്തരത്തിൽ പരിശീലനം നൽകുന്നതിന് പദ്ധതിയുണ്ടോ എന്നും അറിയിക്കുമോ? | (ബി) | കർഷർക്ക് തോക്ക് ഉപയോഗിക്കുന്നതിന് വനം വകുപ്പിന് കീഴിൽ നിലവിൽ പരിശീലനം നൽകിവരുന്നില്ല. |

സെക്ഷൻ ഓഫീസർ